ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE : 02.07.2025**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി അൽപസമയത്തിനകം ഘാനയിലെത്തും. സുപ്രധാന പങ്കാളിയായാണ് ഘാനയെ ഇന്ത്യ നോക്കിക്കാണുന്നതെന്ന് പ്രധാനമന്ത്രി.
2. കേന്ദ്ര നിർദ്ദേശപ്രകാരം സംസ്ഥാനത്ത് ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാൻ അനുമതി നൽകി മന്ത്രിസഭാ യോഗം.
3. കേരളത്തിന്റെ ഐ ടി കയറ്റുമതി ഒരു ലക്ഷം കോടിയോട് അടുക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. സോഹോ കോർപ്പറേഷന്റെ റസിഡൻഷ്യൽ ക്യാമ്പസ് മുഖ്യമന്ത്രി കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്തു.
4. ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള എന്ന ചിത്രത്തിന് പ്രദർശനാനുമതി നിഷേധിച്ച സംഭവത്തിൽ സിനിമ കാണാൻ തീരുമാനിച്ച് ഹൈക്കോടതി
5. സംസ്ഥാനത്ത് വീണ്ടും മഴ മുന്നറിയിപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത
6. ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യയുടെ ബാറ്റിംഗ് പുരോഗമിക്കുന്നു.

*************************

RNU TVPM

## പ്രധാനമന്ത്രി

പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഘാനയിലെത്തും. ഘാന പ്രസിഡന്റ് ജോൺ ഡ്രമാനി മഹാമയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ട്രിനിഡാഡ് ആൻഡ് ടൊബാഗോ, അർജന്റീന, ബ്രസീൽ, നമീബിയ എന്നീ രാജ്യങ്ങളും അദ്ദേഹം വരുംദിവസങ്ങളിൽ സന്ദർശിക്കും. ആഫ്രിക്കൻ യൂണിയനിലും, പശ്ചിമാഫ്രിക്കൻ രാജ്യങ്ങളുടെ കൂട്ടായ്മയിലും പ്രമുഖ സ്ഥാനം വഹിക്കുന്ന ഘാനയെ സുപ്രധാന പങ്കാളിയായാണ് ഇന്ത്യ കാണുന്നതെന്ന് സന്ദർശനത്തിന് മുന്നോടിയായുള്ള പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. ഘാന പാർലമെൻറിനെയും അദ്ദേഹം അഭിസംബോധന ചെയ്യും. തുടർന്ന് ട്രിനിഡാഡ് ആൻഡ് ടൊബാഗോയും, അർജൻറീനയും സന്ദർശിക്കുന്ന പ്രധാനമന്ത്രി രാഷ്ട്രത്തലവന്മാരുമായി കൂടിക്കാഴ്ച നടത്തും. ബ്രസീലിലെ റിയോ ഡി ജനറോയിൽ ഈ മാസം 6-7 തീയതികളിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിയിലും ശ്രീ മോദി പങ്കെടുക്കും. രാജ്യങ്ങൾക്കിടയിലെ സജീവ സഹകരണത്തിനുള്ള വേദിയായാണ് ബ്രിക്സ് കൂട്ടായ്മയെ ഇന്ത്യ നോക്കിക്കാണുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഗ്ലോബൽ സൗത്ത് രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം ശക്തിപ്പെടുത്താൻ വിദേശ സന്ദർശനം വഴിയൊരുക്കുമെന്ന് പ്രധാനമന്ത്രി പ്രത്യാശ പങ്കുവച്ചു.

****************************

## ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട്

സംസ്ഥാനത്ത് ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാനുള്ള വിജ്ഞാപനം പുറപ്പെടുവിക്കാൻ അനുമതി നൽകി മന്ത്രിസഭാ യോഗം. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സംസ്ഥാനങ്ങൾ ഗ്യാരന്റി നിൽക്കുന്നതുമൂലം ഉണ്ടാകാവുന്ന വെല്ലുവിളി തരണം ചെയ്യുന്നതിനായാണ് നടപടി. ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട്

RNU TVPM

രൂപീകരിക്കണമെന്ന് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളോട് നിർദ്ദേശിച്ചിരുന്നു. ഇത് ചൂണ്ടിക്കാട്ടി ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ വായ്പാ ലഭ്യതയിൽ കുറവ് വരുത്തുന്നത് ഒഴിവാക്കാനാണ് ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചത്.

***************************

## മുഖ്യമന്ത്രി പിണറായി വിജയൻ

കേരളത്തിന്റെ ഐ ടി കയറ്റുമതി ഒരു ലക്ഷം കോടിയോട് അടുക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. രാജ്യാന്തര ഐ.ടി കമ്പനിയായ സോഹോ കോർപ്പറേഷന്റെ ഇന്ത്യയിലെ രണ്ടാമത്തെ റസിഡൻഷ്യൽ ക്യാമ്പസ് കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം .ഐ ടി മേഖലയിൽ സംസ്ഥാനം വലിയ വളർച്ച കൈവരിക്കുന്ന ഘട്ടമാണിതെന്നും വ്യവസായ മേഖലയ്ക്ക് എന്തുകൊണ്ടും ഗുണപ്രദമാകുന്ന ഒന്നായി നമ്മുടെ സംസ്ഥാനം മാറിയെന്നും മുഖ്യമന്ത്രി പറഞ്ഞു . സ്റ്റാർട്ടപ്പുകൾ മുഖേന കഴിഞ്ഞ ഒമ്പതു വർഷംകൊണ്ട് 6,000 കോടി രൂപയുടെ നിക്ഷേപമാണ് കേരളത്തിലെത്തിയതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

RNI/TVPM

***************************

## ശിവൻകുട്ടി - പഠന സർവ്വെ

ദേശീയ പഠന നേട്ട സർവ്വെയിൽ കേരളത്തിന് മികച്ച നേട്ടം. കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് നടത്തിയ പഠനത്തിൽ കേരളത്തിലെ വിദ്യാർത്ഥികൾ വൻതോതിൽ മികവ് പ്രകടിപ്പിച്ചതായി വിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടി വാർത്താസമ്മേളനത്തിൽ പറഞ്ഞു. മൂന്ന്, ആറ്, ഒമ്പത് ക്ലാസുകളിലെ വിദ്യാർത്ഥികളിൽ ഭാഷ, ഗണിതം, പരിസര പഠനം , ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിലാണ് പഠനം നടത്തിയത്. എല്ലാ മേഖലകളിലും

ദേശീയ ശരാശരിയെക്കാൾ മുന്നിലാണ് സംസ്ഥാന ശരാശരി എന്നും മന്ത്രി വ്യക്തമാക്കി.

(ഹോൾഡ്) (വോയ്സ്)

*****************************

## ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള

ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള എന്ന ചിത്രത്തിന് സി.ബി.എഫ്.സി പ്രദർശനാനുമതി നിഷേധിച്ച സംഭവത്തിൽ സിനിമ കാണാൻ തീരുമാനിച്ച് ഹൈക്കോടതി. വിഷയത്തിൽ സിനിമയുടെ നിർമാതാക്കൾ നൽകിയ ഹർജിയിൽ തീരുമാനമെടുക്കും മുൻപ് സിനിമ കാണുമെന്നാണ് കോടതി വ്യക്തമാക്കിയത്. ജസ്റ്റിസ് എൻ നഗരേഷിൻറേതാണ് തീരുമാനം. ശനിയാഴ്ച രാവിലെ 10 ന് ചിത്രം കണ്ട ശേഷം ബുധനാഴ്ച ഹർജി വീണ്ടും പരിഗണിക്കും. ചിത്രത്തിലെ ജാനകി എന്ന കഥാപാത്രത്തിൻറെ പേര് മാറ്റുന്നതുമായി ബന്ധപ്പെട്ടാണ് തർക്കം നിലനിൽക്കുന്നത്.

RNU TVPM

*****************************

## വി.എസ് - ആരോഗ്യനില

തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻറെ ആരോഗ്യനില അതീവ ഗുരുതരാവസ്ഥയിൽ തുടരുന്നു. ആരോഗ്യനിലയിൽ മാറ്റമില്ലെന്നാണ് മെഡിക്കൽ ബുള്ളറ്റിനിൽ പറയുന്നു. മെഡിക്കൽ ബോർഡ് ഇന്ന് രാവിലെ യോഗം ചേർന്ന് വിഎസിൻറെ ആരോഗ്യനില വിലയിരുത്തി.

*****************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

*****************************

## വിസ്മയ കേസ്

ഗാർഹിക പീഡനത്തെ തുടർന്ന് നിലമേൽ സ്വദേശി വിസ്മയ ആത്മഹത്യ ചെയ്ത കേസിൽ പ്രതിയായ ഭർത്താവ് കിരൺ കുമാറിന് സുപ്രീംകോടതി ജാമ്യം അനുവദിച്ചു. ശിക്ഷാവിധി മരവിപ്പിക്കണമെന്ന ആവശ്യവും കോടതി അംഗീകരിച്ചു. കേസിൽ 10 വർഷം തടവാണ് കൊല്ലം ജില്ലാ അഡീഷണൽ സെഷൻസ് കോടതി കിരൺ കുമാറിന് ശിക്ഷ വിധിച്ചത്. ഇതിനെതിരെ നൽകിയ അപ്പീലിൽ തീരുമാനം വരുന്നതുവരെ ശിക്ഷാവിധി മരവിപ്പിക്കണമെന്നായിരുന്നു പ്രതിയുടെ ആവശ്യം.

RNU TVPM

*****************************

## സസ്പെൻഷൻ

കേരള യൂണിവേഴ്സിറ്റി രജിസ്ട്രാർക്ക് സസ്പെൻഷൻ. ഭാരതാംബയുടെ ചിത്രം വെച്ചുള്ള സെനറ്റ്ഹാളിലെ പരിപാടിയുമായി ബന്ധപ്പെട്ടാണ് വൈസ് ചാൻസലർ ഡോ. മോഹൻ കുന്നുമ്മൽ, രജിസ്ട്രാർ കെ.എസ്. അനിൽകുമാറിനെ സസ്പെൻഡ് ചെയ്തത്. ഗവർണർ പങ്കെടുത്ത പരിപാടിക്ക് അനുമതി നിഷേധിച്ച രജിസ്ട്രാറുടെ നടപടി സംബന്ധിച്ച അന്വേഷണത്തിന് ശേഷമാണ് നടപടി. പത്മനാഭ സേവാസമിതി സംഘടിപ്പിച്ച പുസ്തക പ്രകാശനച്ചടങ്ങിൽ ഭാരതാംബയുടെ ചിത്രം വെച്ചതിനെതിരെ SFI, DYFI തുടങ്ങിയ സംഘടനകൾ പ്രതിഷേധിച്ചിരുന്നു.

*****************************

## ചെല്ലാനം - കടൽഭിത്തി

ചെല്ലാനം ടെട്രാപോഡ് കടൽഭിത്തി നിർമാണത്തിനുള്ള 306 കോടിയുടെ രണ്ടാം ഘട്ട പദ്ധതിക്ക് സംസ്ഥാനസർക്കാരിന്റെ അംഗീകാരം. 3.6 കിലോമീറ്റർ ദൈർഘ്യത്തിലാണ് കടൽഭിത്തി നിർമ്മിക്കുന്നത്. തിരുവനന്തപുരത്ത് ചേർന്ന മന്ത്രിതല യോഗത്തിലാണ് തീരുമാനം. കിഫ്ബിയുടെ പദ്ധതിയായി തന്നെ കടൽ ഭിത്തി നിർമ്മാണം പൂർത്തിയാക്കുമെന്നും ശ്രീ പി രാജീവ് പറഞ്ഞു.

*****************************

## പി ജയരാജൻ - ഖാദി.. (ഇൻട്രോ)

ഈ ഓണക്കാലത്ത് നൂറുകോടി രൂപയുടെ വിറ്റ് വരവ് ലക്ഷ്യമിട്ടു കൊണ്ടുള്ള പ്രവർത്തനങ്ങൾ ഖാദി ബോർഡ് സംഘടിപ്പിക്കുമെന്ന് ബോർഡ് വൈസ് ചെയർമാൻ പി ജയരാജൻ. 25 ലക്ഷം രൂപയുടെ സമ്മാനപദ്ധതികളും ഓണക്കാലത്ത് നടപ്പാക്കും. 100 കോടി വിറ്റുവരവ് ലക്ഷ്യമിട്ട് ആഗസ്റ്റ് ഒന്നുമുതൽ സെപ്റ്റംബർ നാലു വരെ 'എനിക്കും വേണം ഖാദി' എന്ന ക്യാമ്പയിൻ ആരംഭിക്കുമെന്നും അദ്ദേഹം കണ്ണൂരിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

PIU TVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഓ. ശശിധരൻ..**

(വോയ്സ്)

*****************************

## രാജീവ് ചന്ദ്രശേഖർ

തിരുവനന്തപുരത്തെ ബ്രഹ്മോസ് സെന്റർ ഡിആർഡിഒ ഏറ്റെടുക്കുമെന്ന് ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ്

ചന്ദ്രശേഖർ . ഇക്കാര്യത്തിലുള്ള ഉറപ്പ് കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ചതായും സെന്റർ പൂട്ടുമെന്ന പ്രചാരണം തെറ്റാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

**************************

## മഴ

സംസ്ഥാനത്ത് വീണ്ടും മഴ മുന്നറിയിപ്പ്. അതിശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കോട്ടയം മുതൽ വയനാട് വരെയുള്ള എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. തെക്കൻ ഝാർഖണ്ഡിന് മുകളിലെ ചക്രവാതച്ചുഴിയുടെ സ്വാധീനത്താൽ അടുത്ത 5 ദിവസം മഴ തുടരുമെന്നാണ് മുന്നറിയിപ്പ്.

**************************

## ക്രിക്കറ്റ്

ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ രണ്ടു വിക്കറ്റ് നഷ്ടത്തിൽ 114 റൺസ് എന്ന നിലയിലാണ്. ടോസ് നേടിയ ഇംഗ്ലണ്ട് ഫീൽഡിങ് തിരഞ്ഞെടുക്കുകയായിരുന്നു.

**************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരിവിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 288 പോയിന്റ് ഇടിഞ്ഞ് 83410 ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 88 പോയിന്റ് നഷ്ടത്തിൽ 25453 ലും

RNU TVPM

വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില കൂടി. ഗ്രാമിന് 45 രൂപ വർധിച്ച് 9,065 രൂപയും, പവന് 72,520 രൂപയുമാണ് ഇന്നത്തെ വില.

*************************

## വനമഹോത്സവം

സംസ്ഥാന വനം വകുപ്പ് സംഘടിപ്പിക്കുന്ന വനമഹോത്സവം 2025 നാളെ മന്ത്രി എ കെ ശശീന്ദ്രൻ കോട്ടയത്ത് ഉദ്ഘാടനം ചെയ്യും.പുതുതലമുറയിൽ പരിസ്ഥിതി ബോധം വളർത്തുന്നതിനും പ്രകൃതി സംരക്ഷണം പ്രോത്സാഹനമാകുന്നതിനുമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

*************************

## വൈശാഖ മഹോത്സവം

കൊട്ടിയൂർ വൈശാഖ മഹോത്സവം മറ്റന്നാൾ സമാപിക്കും. ഗൂഢപൂജകൾ ആണ് നടന്നുവരുന്നത്. അത്തം ചതുശതം, വാളാട്ടം എന്നിവ നാളെ നടക്കും. മറ്റന്നാൾ തൃക്കല ശാട്ടോടെയാണ് വൈശാഖ മഹോത്സവം സമാപിക്കുക. പിന്നീട് 11 മാസക്കാലം അക്കരെ കൊട്ടിയൂരിൽ പ്രവേശനം ഉണ്ടാവില്ല.

RNU TVPM

*************************

## പ്ലസ് വൺ പ്രവേശനം

സംസ്ഥാനത്ത് രണ്ട് ലക്ഷത്തി 68,000 ലധികം വിദ്യാർത്ഥികൾ പ്ലസ് വണിന് ഈ വർഷം മെറിറ്റിൽ പ്രവേശനം നേടിയതായി വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. സംസ്ഥാനമൊട്ടാകെ പ്രവേശനം നേടാനുള്ള അപേക്ഷകരുടെ എണ്ണം നാല്പത്തി ഏഴായിരത്തി അറുനൂറ്റി അമ്പത്തി നാല് മാത്രമാണ്. സ്പോർട്സ് ക്വാട്ടയിൽ നാലായിരത്തി എണ്ണൂറ്റി മുപ്പത്തി നാല് പേരും, അൺ എയിഡഡിൽ പതിനെട്ടായിരത്തി നാനൂറ്റി തൊണ്ണൂറ് പേരും ചേർന്നു.

*************************

## മന്ത്രി വി. ശിവൻകുട്ടി

സംസ്ഥാനത്തെ ഹയർസെക്കണ്ടറി മേഖലയുടെ പാഠ്യപദ്ധതി സമഗ്രമായി പരിഷ്ക്കരിക്കും. 2015-ൽ പരിഷ്ക്കരിച്ച പാഠപുസ്തകങ്ങളാണ് വിദ്യാലയങ്ങളിൽ നിലവിൽ ഉപയോഗിച്ചു വരുന്നത്. ഭാവിയിലെ വെല്ലുവിളികൾ പരിഗണിച്ചു കൊണ്ടാകും പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുക.

****************************************************************************************************************

RNU TVPM